# കുട്ടികളുടെ 16-ാമത് ജൈവവൈവിധ്യ കോൺഗ്രസ്സ് (2023-2024)

## മത്സരങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച അവബോധം നടത്തുന്നതിനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വർഷംതോറും നടത്തിവരുന്ന പരിപാടിയാണ് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ്. കുട്ടികൾക്കായി പരിസ്ഥിതി സംബന്ധിയായ വിഷയങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തുകയും പരിസ്ഥിതി അവബോധം അവരിൽ സൃഷ്ടിക്കാനുള്ള സാഹചര്യം ഒരുക്കുകയുമാണ് ബോർഡ് ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ പതിനഞ്ചു വർഷങ്ങളായി വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും വിവിധ മത്സരങ്ങൾ ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ നടത്തിവരുന്നു. ജില്ലാതല മത്സരങ്ങളിൽ ഒന്നാം സമ്മാനം നേടുന്നവരെ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നേരിട്ട് നടത്തുന്ന സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കും. സമ്മാനങ്ങൾ മൂന്നാമത് സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ്സിൽ വച്ച് വിതരണം ചെയ്യുന്നതായിരിക്കും.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പതിനാറാമത് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ഭാഗമായി ജില്ലാ, സംസ്ഥാന തലത്തിൽ സ്കൂൾ കുട്ടികൾക്കായി (ജൂനിയർ, സീനിയർ വിഭാഗം) ***പ്രോജക്ട് അവതരണം, പെയിന്റിംഗ് മത്സരം, പെൻസിൽ ഡ്രോയിങ് മത്സരം, ഉപന്യാസ മത്സരം*** എന്നിവ സംഘടിപ്പിക്കുന്നു. സംസ്ഥാന തല മത്സരങ്ങളിൽ ആദ്യത്തെ രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് (ഓരോ വിഭാഗത്തിലും) മെമന്റോയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. മത്സരത്തിന്റെ ഭാഗമായി ലഭിക്കുന്ന എൻട്രികളുടെ പകർപ്പവകാശം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിനായിരിക്കും. ജില്ലാതല മത്സരങ്ങൾ ജില്ലാ കോർഡിനേറ്റർ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ നടത്തുന്നതാണ്. പ്രൊജക്റ്റ് അവതരണത്തിനു മാത്രമേ സംസ്ഥാനതലത്തിൽ അടുത്ത ഘട്ട മൽസരം ഉണ്ടാവൂ. മറ്റുള്ളവ ജില്ലാ തലത്തിൽ മാത്രമായിരിക്കും.

കേരള സംസ്ഥാനത്ത്' പ്രവർത്തിക്കുന്ന ' ഗവൺമെന്റ്/ എയിഡഡ്/ അൺഎയിഡഡ്, സി.ബി.എസ്.സി/ ഐ.സി.എസ്.ഇ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ജൈവവൈവിധ്യ കോൺഗ്രസ്സ് മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്.

**വിഭാഗങ്ങൾ**

രണ്ടു വിഭാഗങ്ങളിലായാണ് മത്സരം സംഘടിപ്പിക്കുന്നത്.

1. ജൂനിയർവിഭാഗം (വയസ്സ് 10 മുതൽ 14 വരെ)
2. സീനിയർവിഭാഗം (വയസ്സ് 15 മുതൽ 18 വരെ).

2023 ഡിസംബർ 31 അടിസ്ഥാനമാക്കി കുട്ടികളുടെ പ്രായം കണക്കാക്കാവുന്നതാണ്.

***മുഖ്യപ്രമേയം* : *ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിര വികസനവും : കുട്ടികളുടെ പങ്ക്*** **(**Biodiversity conservation and sustainable development: Role of students**)**

വിശദവിവരങ്ങൾക്കായി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഇ-മെയിലിലോ (keralabiodiversity@gmail.com) ഓഫീസ് ഫോണിലോ (04712724740) ബന്ധപ്പെടാവുന്നതാണ്.

## മത്സര വിഭാഗങ്ങൾ

1. **പ്രോജക്ട് അവതരണം (ജില്ലാ, സംസ്ഥാന തലം)**

**പ്രമേയം : ആവാസവ്യവസ്ഥാ പുനഃസ്ഥാപനം നമ്മുടെ ഭാവിക്കായി**

(Ecorestoration for our future)

ജില്ലാതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമിന് സംസ്ഥാന തലത്തിൽ പങ്കെടുക്കാൻ അവസരമുണ്ടാകുന്നതാണ്. മത്സരങ്ങൾ 2023 ഒക്ടോബർ 10-ന് മുൻപായി ജില്ലാതലത്തിൽ നടത്തുന്നതാണ്. പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സംസ്ഥാന തലത്തിൽ ആദ്യ രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മെമന്റോയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. പ്രോജക്ടുകൾ പരമാവധി

രണ്ടു പേർ അടങ്ങിയ ഗ്രൂപ്പായിട്ടാണ് പങ്കെടുക്കേണ്ടതും, പ്രബന്ധങ്ങൾ അവതരിപ്പിക്കേണ്ടതും. പ്രോജക്റ്റ് റിപ്പോർട്ട്, പൂരിപ്പിച്ച അപേക്ഷാ ഫോറം അടക്കം ജില്ലാതലത്തിൽ നിർബന്ധമായും നൽകേണ്ടതാണ്. സംസ്ഥാനതല മത്സരത്തിൽ വിദഗ്ധ സമിതി പ്രോജക്ട് റിപ്പോർട്ടും വിദ്യാർത്ഥിയുടെ വിഷയനൈപുണ്യവും വിഷയത്തിന്റെ സമ കാലീന പ്രാധാന്യവും, കുട്ടികളുടെ പ്രോജക്ട് അവതരണ മികവും പരിശോധിച്ച് വിജയി കളെ നിശ്ചയിക്കുന്നതാണ്. ~~ഇവ~~ റിപ്പോർട്ട് തിരികെ നൽകുന്നതല്ല.

*പ്രോജക്ട് തയ്യാറാക്കാനുള്ള പൊതു നിർദ്ദേശങ്ങൾ*

പ്രോജക്ട് റിപ്പോർട്ട് ഡി.റ്റി.പി. ചെയ്തതായിരിക്കണം. പ്രോജെക്റ്റ് റിപ്പോർട്ട് പത്തുപേജിൽ കവിയാതെ (ഫോണ്ട്സൈസ് 12; സ്പേസിങ് 1.5) A4 സൈസ് പേപ്പറിലായിരിക്കണം തയ്യാറാക്കേണ്ടത്. മലയാളത്തിലോ ഇംഗ്ലീഷിലോ ആയിരിക്കണം തയ്യാറാക്കേണ്ടത്. മൈക്രോസോഫ്ട് ഓഫീസ് വേർഡ് ഡോക്യുമെന്റ് ഉപയോഗിച്ചായിരിക്കണം റിപ്പോർട്ട് തയ്യാറാക്കേണ്ടത്. വേർഡ് ഫോർമാറ്റിൽ ഉള്ള പ്രോജക്ട് റിപ്പോർട്ട് സോഫ്റ്റ് കോപ്പി അതാത് ജില്ലാ കോർഡിനേറ്റർമാരുടെ ഓഫീസ് മെയിലിലേക്കു ജില്ലാതല മത്സരങ്ങൾക്ക് മുൻപേ അയച്ചു കൊടുക്കേണ്ടതും, ഹാർഡ് കോപ്പി ജില്ലാതല മത്സരദിവസം വിധികർത്താക്കൾക്കു മുന്നിൽ സമർപ്പിക്കേണ്ടതുമാണ്.

*പ്രോജക്റ്റ് റിപ്പോർട്ടിന്റെ ഘടന ഇപ്രകാരമായിരിക്കണം*

1. കവർപേജ്-
   - പദ്ധതിയുടെ ശീർഷകം
   - ഗ്രൂപ്പ് ലീഡറിന്റെയും സഹപ്രവർത്തകരുടെയും പേരും വിലാസവും (ജില്ലയുടെ പേര് ഉൾപ്പെടെ)
   - ഗൈഡിന്റെ പേരും വിലാസവും
2. അപേക്ഷാ ഫോറം
3. സംഗ്രഹം (Abstract) - ജൂനിയർ വിഭാഗത്തിന് 250 വാക്കിലും സീനിയർ വിഭാഗത്തിന് 300 വാക്കുകളിലും കവിയാതെ.
4. ഉള്ളടക്കം (Content).
5. ആമുഖം (Introduction)
6. ഉദ്ദേശവും, ലക്ഷ്യവും (Aim and objective)

7. പഠനരീതി (Method of study)

8. നിരീക്ഷണങ്ങൾ (Observations)

9. ഫലങ്ങൾ (Result)

10. അപഗ്രഥനം (Analysis)

11. പരിസമാപ്തി (Conclusion)

12. പരിഹാര നിർദ്ദേശങ്ങൾ (Recommendation)

13. തുടർപ്രവർത്തനങ്ങൾ (Followup action)

14. കൃതജ്ഞത (Acknowledgment)

***പ്രോജക്ടുകളുടെ അവതരണം***

- 8 മിനിട്ടാണ് അവതരണ സമയം, 2 മിനിറ്റ് ചോദ്യോത്തര സമയം (ആകെ 10 മിനിട്ട്).
- പ്രോജക്റ്റ് റിപ്പോർട്ട്, ജില്ലാ കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.
- പ്രസന്റേഷൻ ഓപ്പൺ ഓഫീസ് പവർപോയിന്റ് ആയിരിക്കണം. ആനിമേഷൻ സ്ലൈഡ് പാടില്ല. സ്ലൈഡുകൾ : ആകെ 12 എണ്ണം

അപേക്ഷാഫോറം, പ്രോജക്ട് റിപ്പോർട്ട്, എന്നിവയടക്കം 2023 സെപ്റ്റംബർ 10 ന് മുൻപായി അതാത് ജില്ലാ കോർഡിനേറ്ററുടെ ഇമെയിലിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ജില്ലാ കോർഡിനേറ്റർമാരുടെ ഇമെയിൽ വിലാസം /മൊബൈൽ നമ്പർ എന്നിവ വെബ്സൈറ്റിൽ (https://keralabiodiversity.org/ksbb-district-co-ordinators/) ലഭ്യമാണ്.

# കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ്

## 16 -ാമത് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ്

## പ്രോജക്ട് അവതരണ മത്സരം

**അപേക്ഷാഫോറം**

| | |
|---|---|
| വിഭാഗം (ജൂനിയർ, സീനിയർ) | |
| വിഷയം | |
| പ്രോജക്ട ടീം ലീഡറുടെ പേരും<br>മേൽവിലാസവും,<br>വയസ്സും ജനനതീയതിയും<br>ഇ-മെയിൽ, മൊബൈൽ നമ്പർ | |
| ടീം അംഗത്തിന്റെ പേരും മേൽവിലാസവും,<br>വയസ്സും ജനനതീയതിയും ഇ-മെയിൽ,<br>മൊബൈൽ നമ്പർ | |
| സ്കൂളിന്റെ പേരും വിലാസവും<br>ഫോൺ നമ്പർ<br>ഇ-മെയിൽ അഡ്രസ്സ് | |
| പ്രോജക്ട് ടീം ലീഡറുടെഒപ്പ് | |
| കുട്ടി പഠിക്കുന്ന സ്കൂളിൽ കേരള<br>സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ<br>ജൈവവൈവിധ്യ ക്ലബ് ഉണ്ടോ?<br>ഉണ്ടെങ്കിൽ രജിസ്റ്റർ നമ്പർ | |
| ഗൈഡ് ടീച്ചറുടെ പേര്,<br>ഇ-മെയിലും, മൊബൈൽ നമ്പരും | |
| പ്രധാന അദ്ധ്യാപകന്റേയോ/<br>പ്രിൻസിപ്പലിന്റേയോ പേരും ഒപ്പും (ഓഫീസ്<br>സീൽ) | |

## 2. ഉപന്യാസ മത്സരം (ജില്ലാതലം)

ജൂനിയർ, സീനിയർ സ്കൂൾ വിദ്യാർത്ഥികൾക്ക് **മലയാളത്തിലാണ് ഉപന്യാസ മത്സരം** നടത്തുന്നത്. പൂരിപ്പിച്ച അപേക്ഷാ ഫോം 2023 സെപ്റ്റംബർ 10നു മുൻപ് അതാത് ജില്ലാ കോർഡിനേറ്ററുടെ ഇമെയിലിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

***നിബന്ധനകൾ***

1. ഉപന്യാസ വിഷയം മത്സര വേദിയിൽ വെച്ച് നൽകുന്നതായിരിക്കും.
2. ഉപന്യാസം മൂന്നു പേജിൽ കവിയാൻ പാടുള്ളതല്ല.
3. ഉപന്യാസ രചയിതാവിനെക്കുറിച്ചുള്ള വിവരങ്ങൾ അപേക്ഷാ ഫോമിൽ മാത്രം എഴുതുക.
4. മത്സര സമയം ഒന്നര മണിക്കൂർ ആയിരിക്കും

# കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ്

## 16 -ാമത് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ്

## ഉപന്യാസമത്സരം

**അപേക്ഷാഫോറം**

| | |
|---|---|
| വിഭാഗം (ജൂനിയർ, സീനിയർ) | |
| വിഷയം | |
| വിദ്യാർത്ഥിയുടെ പേരും മേൽവിലാസവും<br><br>ഇ-മെയിൽ<br><br>മൊബൈൽ നമ്പർ | |
| വയസ്സും ജനനതീയതിയും | |
| സ്കൂളിന്റെ പേരും വിലാസവും<br><br>ഫോൺ നമ്പർ<br><br>ഇ-മെയ ിൽഅഡ്രസ്സ് | |
| കുട്ടി പഠിക്കുന്ന സ്കൂളിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ജൈവവൈവിധ്യ ക്ലബ് ഉണ്ടോ ? ഉണ്ടെങ്കിൽ രജിസ്റ്റർ നമ്പർ | |
| വിദ്യാർത്ഥിയുടെ ഒപ്പ് | |
| പ്രധാന അദ്ധ്യാപകന്റേയോ/<br><br>പ്രിൻസിപ്പലിന്റേയോ പേരും ഒപ്പും<br><br>(ഓഫീസ് സീൽ) | |

### 3. പെയിന്റിംഗ് മത്സരം (ജില്ലാതലം)

ജൂനിയർ, സീനിയർ സ്കൂൾ വിദ്യാർത്ഥികൾക്കായിട്ടാണ് മത്സരങ്ങൾ നടത്തുന്നത്. പൂരിപ്പിച്ച അപേക്ഷാ ഫോം 2023 സെപ്റ്റംബർ 10നു മുൻപ് അതാത് ജില്ലാ കോർഡിനേറ്ററുടെ ഇമെയിലിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

*നിബന്ധനകൾ*

- പ്രമേയം മത്സര വേദിയിൽ വെച്ച് നൽകുന്നതായിരിക്കും.
- വാട്ടർ കളർ മാത്രമേ ഉപയോഗിക്കാവൂ.
- A3 ചാർട്ട്പേപ്പർ പെയിന്റിംഗ് ചെയ്യുന്നതിന് ഉപയോഗിക്കാവുന്നതാണ്.
- പെയിന്റിങ്ങിന്റെ ഒറിജിനൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജില്ലാ കോർഡിനേറ്ററെ ഏല്പിക്കേണ്ടതാണ്.
- മത്സര സമയം ഒന്നര മണിക്കൂർ ആയിരിക്കും

# കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ്

## 16 -ാമത് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ്

## പെയിന്റിങ് മത്സരം

### അപേക്ഷാഫോറം

| | |
|---|---|
| വിഭാഗം (ജൂനിയർ, സീനിയർ) | |
| വിഷയം | |
| വിദ്യാർത്ഥിയുടെ പേരും മേൽവിലാസവും | |
| ഇ-മെയ ിൽ<br>മൊബൈൽ നമ്പർ | |
| വയസ്സും ജനനതീയതിയും | |
| സ്കൂളിന്റെ പേരും വിലാസവും<br><br>ഫോൺ നമ്പർ<br>ഇ-മെയിൽ അഡ്രസ്സ് | |
| കുട്ടി പഠിക്കുന്ന സ്കൂളിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ജൈവവൈവിധ്യ ക്ലബ് ഉണ്ടോ ?<br>ഉണ്ടെങ്കിൽ രജിസ്റ്റർ നമ്പർ | |
| വിദ്യാർത്ഥിയുടെഒപ്പ് | |
| പ്രധാന അദ്ധ്യാപകന്റേയോ/<br>പ്രിൻസിപ്പലിന്റേയോ പേരും ഒപ്പും<br>(ഓഫീസ് സീൽ) | |

## 4.പെൻസിൽ ഡ്രോയിങ് മത്സരം (ജില്ലാതലം)

ജൂനിയർ, സീനിയർ സ്കൂൾ വിദ്യാർത്ഥികൾക്കായിട്ടാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. തന്നിരിക്കുന്ന വിഷയത്തിലധിഷ്ഠിതമായി പെൻസിൽ ഡ്രോയിംഗ് മത്സരം നടത്തുന്നു. പൂരിപ്പിച്ച അപേക്ഷാ ഫോം 2023 സെപ്റ്റംബർ 10നു മുൻപ് അതാത് ജില്ലാ കോർഡിനേറ്ററുടെ ഇമെയിലിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

***നിബന്ധനകൾ***

1. പ്രമേയം മത്സര വേദിയിൽ വെച്ച് നൽകുന്നതായിരിക്കും.
2. A4 പേപ്പർ മാത്രമേ ഉപയോഗിക്കാവൂ.
3. വരയ്ക്കുന്നതിന് പെൻസിൽ മാത്രമെ ഉപയോഗിക്കാവൂ (water soluble, pastel, graphite, characol പെൻസിൽ എന്നിവയും ഉപയോഗിക്കാം).
4. പെൻസിൽ ഡ്രോയിംങ്ങിന്റെ ഒറിജിനൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജില്ലാ കോർഡിനേറ്ററെ ഏല്പിക്കേണ്ടതാണ്.
5. മത്സര സമയം ഒന്നര മണിക്കൂർ ആയിരിക്കും

# കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ്

## 16 -ാമത് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ്

## പെൻസിൽ ഡ്രോയിങ് മത്സരം

### അപേക്ഷാഫോറം

| | |
|---|---|
| വിഭാഗം (ജൂനിയർ, സീനിയർ) | |
| വിഷയം | |
| വിദ്യാർത്ഥിയുടെ പേരും മേൽവിലാസവും<br><br>ഇ-മെയ ിൽ<br>മൊബൈൽ നമ്പർ | |
| വയസ്സും ജനനതീയതിയും | |
| സ്കൂളിന്റെ പേരും വിലാസവും<br><br>ഫോൺ നമ്പർ<br>ഇ-മെയിൽ അഡ്രസ്സ് | |
| കുട്ടി പഠിക്കുന്ന സ്കൂളിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ജൈവവൈവിധ്യ ക്ലബ് ഉണ്ടോ ?<br>ഉണ്ടെങ്കിൽ രജിസ്റ്റർ നമ്പർ | |
| വിദ്യാർത്ഥിയുടെ ഒപ്പ് | |
| പ്രധാന അദ്ധ്യാപകന്റേയോ/<br>പ്രിൻസിപ്പലിന്റേയോ പേരും ഒപ്പും<br>(ഓഫീസ് സീൽ) | |